# കഥയിൽ കുതിർന്ന്... എഴുത്തണിഞ്ഞ്...

**എം.ജി. യൂണിവേഴ്സിറ്റി എം.എ. മലയാളം റാങ്കുജേതാക്കളായ നയൻതാര സിബിയും രേഷ്മ രാധാകൃഷ്ണനും തങ്ങളുടെ വിജയവഴികളെക്കുറിച്ച് ദീപനാളത്തോടു മനസ്സു തുറന്നപ്പോൾ...**



നയൻതാര സിബി

**സാ**ഹിത്യത്തെ സപര്യയാക്കിയ ഒരു കുടുംബത്തിലെ കണ്ണിയായ എനിക്ക് സാഹിത്യവഴിയിലെത്തിപ്പെടുക ഒരു സ്വാഭാവികപ്രക്രിയയായിരുന്നു. പിതാമഹനും പിതാവും പിതൃസഹോദരങ്ങൾ നാലുപേരും ആംഗല സാഹിത്യത്തിൽ ബിരുദാനന്തരബിരുദധാരികളാണ്. ഇനി ഈ കുടുംബത്തിൽനിന്ന് ഒരു സാഹിത്യപഠിതാവുണ്ടാകുന്നുണ്ടെങ്കിൽ അതു മാതൃഭാഷയിൽത്തന്നെയാകട്ടെ എന്നു ഞാൻ നിനച്ചു (ഇത് കോളനിയനന്തര സിദ്ധാന്തങ്ങളുടെയും പുനർവായനകളുടെയും സ്വത്വാന്വേഷണങ്ങളുടെയും കാലമാണല്ലോ.) തലമുറകളിലൂടെ പ്രവഹിച്ച് കാലമെന്നിൽ നിക്ഷേപിച്ച സാഹിത്യാഭിരുചിയാണ് ഈ തിരഞ്ഞെടുപ്പിൽ അദൃശ്യപ്രേരണ.

'പല വഴിയിൽ പെരുവഴി നല്ലൂ
പെരുവഴിയേ പോ ചങ്ങാതീ.'

എന്നു സമൂഹം നമ്മോടു നിരന്തരം പറഞ്ഞേക്കും. വിജയത്തിന് നിശ്ചിതപാതകളായി സമൂഹം കരുതിപ്പോരുന്ന 'പെരുവഴി'കളെ അന്ധമായി പിന്തുടരാതെ 'നിൻ



വഴി കാണുക, നിൻ കണ്ണാൽത്തന്നെ' എന്നു ചൊല്ലിപ്പഠിപ്പിച്ച അച്ഛനും അമ്മയും, അക്ഷരത്താക്കോൽ കൈയിൽ തന്ന് അറിവിന്റെ നിരവധി വാതായനങ്ങൾ തുറക്കാൻ പ്രാപ്തയാക്കിയ നഴ്സറിസ്കൂൾ അധ്യാപകർ മുതൽ ഭാഷയിലും സാഹിത്യത്തിലും പ്രിയം ജനിപ്പിച്ച, ജ്ഞാനാർജ്ജനത്തിന്റെ സ്വയംതേടൽ വഴികളെ പരിശീലിപ്പിച്ച എല്ലാ അധ്യാപകരും, ഭാഷയുടെ മായികത അനുഭവിപ്പിച്ച ശ്രേഷ്ഠവൈദികരും ഈ വഴിയിൽ പഥദർശകരാണ്. സാഹിതീസ്നേഹത്തിന്റെ ചെറുതീപ്പൊരികൾക്കുമേൽ കാറ്റിന്റെ അരൂപിയായി വീശി അതിനെ ജ്വാലാപ്രസരമാക്കി മാറ്റിയവരാണ് കുറവിലങ്ങാട് ദേവമാതായിലെയും പാലാ സെന്റ് തോമസിലെയും ഗുരുവര്യർ. അറിവുകൾക്കൊപ്പം അനുഭൂതികൾ കൂടി പകർന്നേകിയവർ, വിജയികൾക്കപ്പുറം നല്ല മനുഷ്യരാകാൻ ജീവിതപാഠങ്ങളാൽ ഓർമ്മിപ്പിച്ചവർ, ഓരോ വാക്കിലും ഒരു ഹൃദയാലുവിനു കാണാൻ ജീവിതത്തിന്റെ നിറവുകളുണ്ടെന്ന് അനുഭവിപ്പിച്ചവർ... എന്റെ പ്രിയ ഗുരുക്കന്മാരെക്കുറിച്ചു പറഞ്ഞുതുടങ്ങിയാൽ 'ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ' എന്നു പറയാതെ നിവൃത്തിയില്ല.

'കൂട്ടി'ന്റെ ചെറുകൂട്ടിൽ എന്നെ പൊതിഞ്ഞ ചങ്ങാതിക്കൂട്ടത്തെ മറക്കാനാവില്ല. ഒരേ തരംഗദൈർഘ്യത്തിൽ ചിന്തകൾ പ്രവഹിക്കുന്നവർ. പഠിച്ച പാഠങ്ങളും കണ്ട സിനിമകളും വായിച്ച പുസ്തകങ്ങളും കടന്നുപോയ അനുഭവങ്ങളും വാക്കുകളായി വാർന്നുവീഴുമ്പോൾ ഉള്ളിലെ നിശബ്ദദുഃഖങ്ങൾപോലും സ്വയം മറന്നു പുഞ്ചിരിച്ചുതുടങ്ങും. വീഴുമ്പോൾ എഴുന്നേല്പിക്കുന്ന കൈത്തലമായും നേട്ടങ്ങളിൽ നിഷ്കപടമായ ആനന്ദത്തിന്റെ തോൾതലോടലായും എന്നിൽ നിറഞ്ഞ പ്രിയ സ്നേഹിതർ ഈ ജീവിതത്തിന്റെ അമരസൗഭാഗ്യമാണ്. നിരന്തരം വിസ്മിതയാക്കി ഉറ്റ തോഴരായി ഒപ്പമുണ്ട് പുസ്തകങ്ങൾ. മായികതയുടെയും വാസ്തവികതയുടെയും ദിവ്യാനുപാതത്തിൽ മെനഞ്ഞെടുക്കപ്പെട്ട കൃതികളിൽ തപസിരിക്കുന്നവരെല്ലാം നല്ലതിനായി കടയപ്പെടും.

മനസ്സിൽ അനുനിമിഷം 'ദൈവസ്നേഹം വർണ്ണിച്ചീടാൻ വാക്കുകൾ പോരാ' എന്ന വരി നിറഞ്ഞുനിൽക്കുന്നു. പരംപൊരുളിന്റെ വലിയ സ്നേഹത്തിന്റെ അംശമാണേകസമ്പാദ്യം. ആ കൺകൾ കൃപയോടെ നോക്കുന്നതാണ് ഈ ജീവിതായനത്തിന്റെ ധൈര്യം. ആ കൺകൾ കൃപയോടെ നോക്കുന്നതാണ് ഈ ജീവിതായനത്തിന്റെ ധൈര്യം. പ്രതിഭാറായിയുടെ 'ദ്രൗപദി' എന്ന നോവലിൽ ത്വം മമൈവ (നീ എന്റേതാണ്) എന്നു കരുതിയ സത്യഭാമയേക്കാൾ കൃഷ്ണനു പ്രിയം തവൈവാഹം (ഞാൻ നിന്റേതാണ്) എന്നു വിശ്വസിച്ച കൃഷ്ണയോടാണ് എന്നൊരാശയമുണ്ട്. സർവ്വനിയാമകനു സ്വയം സമർപ്പിച്ച് ചെയ്യുന്ന പ്രവൃത്തികളൊന്നും വ്യർഥാവിലാവില്ല എന്നു തീർച്ച. പ്രതിശീർഷവരുമാനത്തിനപ്പുറം ആളോഹരി ആനന്ദത്തിന്റെ വക്താക്കളായി മാറി ആത്മസാക്ഷാത്കാരം പ്രാപിക്കാൻ കഴിയുന്ന മേഖലകളിൽ ബുദ്ധിയും സിദ്ധിയും വിട്ടുകൊടുക്കുക; സ്നേഹിക്കുന്ന കാര്യങ്ങൾ ചെയ്യുക; ചെയ്യുന്നതെന്തിനെയും സ്നേഹിക്കുക – ഈ മഹാപ്രമാണം ഉള്ളിൽ കോറി നടത്തിയ യാത്രയുടെ ഈ അല്പ വിരാമവേളയിൽ എന്നകമേഘം തുളുമ്പുന്നു... വരണ്ട ഹൃദയങ്ങൾക്കു നനവിന്റെ ചെറുസാന്ത്വനമായി മാറാനാവണേ എന്ന പ്രാർത്ഥനയിൽ ഈ പഥികയുടെ യാത്ര തുടരുന്നു... കൂട്ടുനിന്നവർക്കും വഴി കാട്ടിയവർക്കും താങ്ങി നടത്തിയവർക്കും നല്കാൻ കീശയിൽ മൂന്നേ മൂന്നു മധുരമൊഴികൾ മാത്രം... നന്ദി, സ്നേഹം... സന്തോഷം.



രേഷ്മ രാധാകൃഷ്ണൻ

# മുൻപേ പറക്കുന്ന പക്ഷികൾക്ക്



**ചി**റകുറയ്ക്കാത്ത പക്ഷികൾക്ക് എന്നും തണൽ മുൻപേ പറന്ന പക്ഷികളായിരുന്നു. ചിറകിൻകീഴിൽ ഒതുക്കാതെ ആകാശത്തെ കാട്ടിത്തന്നതും, നിറമില്ലാത്ത ഇളംതൂവലുകൾക്കു നിറം നല്കിയതും, ആകാശത്തെ സ്നേഹിക്കാൻ പഠിപ്പിച്ചതും, അവരായിരുന്നു. ഇടയ്ക്കേതൊക്കെയോ വഴികളിൽവച്ചു പിരിഞ്ഞു പോയെങ്കിലും ഇന്നും ഏതെങ്കിലും വൃക്ഷച്ചില്ലയിൽ ചേക്കേറുമ്പോൾ അതിലെ പ്രധാന ചില്ല മുൻപേ പറന്ന പക്ഷികൾക്കായി ഒഴിച്ചിടാറുണ്ട്. ഹൃദയവൃക്ഷത്തിന്റെ പാതിയിലേറെ അവർക്കായി ഒഴിച്ചിട്ടിരിക്കുകയാണ്.

വായനശാലമുറ്റത്തെ ആൽമരച്ചോട്ടിലേക്ക് ഓടിയെത്തി കവിതകൾ പാടിത്തന്ന, നാടകങ്ങൾ എഴുതിത്തന്ന ബാലേട്ടനും നന്മകൾ നിറഞ്ഞ കുറേ മനുഷ്യരും നാട്ടിൻപുറവുമെല്ലാം ബാല്യത്തിൽത്തന്നെ ഹൃദയവൃക്ഷത്തിൽ ഇടംപിടിച്ചതാണ്. വലിയ ആകാശത്തെ കാട്ടിത്തന്ന അച്ഛനും അമ്മയും കണ്ട ചെറുതും വലുതുമായ എല്ലാ കാഴ്ചകളും കൗതുകത്തോടെ പങ്കുവയ്ക്കുന്ന ചേട്ടനും ആ ഹൃദയവൃക്ഷത്തിലുണ്ട്. നാട്ടിൻപുറത്തെ സ്കൂൾമുറ്റത്തിരുന്ന് രേണുക പാടിത്തന്ന ബഷീറിനെക്കുറിച്ചും പാത്തുമ്മയുടെ ആടിനെക്കുറിച്ചും വാതോരാതെ സംസാരിച്ച അധ്യാപകൻ എന്നും പ്രിയപ്പെട്ടതായിരുന്നു!

ഈ ഒരു കൗതുകത്തെ പിന്നീടു കണ്ടത് കോളജിലായിരുന്നു. യാത്രകൾക്കിടയിൽ എവിടെയോ വച്ച് കൗതുകങ്ങൾ നഷ്ടമായ വിദ്യാർത്ഥികൾക്കുമുമ്പിൽ കൗതുകത്തോടെ എല്ലാറ്റിനെയുംകുറിച്ചു സംസാരിക്കുന്ന അധ്യാപകർ. ഒരു കവിതയെക്കുറിച്ചോർത്തു നിഷ്കളങ്കമായി കരയുന്നവർ. മാർക്കിനും ഭാരങ്ങൾക്കുമപ്പുറം നിങ്ങൾ ഭാഷയെ സ്നേഹിച്ചാൽ മതിയെന്നു പറഞ്ഞുതന്നവർ. 'എഴുതണം; ഭാഷ നന്നാവണം' എന്നു ചേർത്തു നിർത്തി പ്രോത്സാഹിപ്പിച്ച ഗുരുക്കന്മാർ. കണ്ണിൽനോക്കി ചെറിയ വിഷമങ്ങളെയും സന്തോഷങ്ങളെയും കണ്ടെത്തിയ അധ്യാപകരെല്ലാം തന്നെ ഞങ്ങൾക്കു തണൽ തീർക്കുകയായിരുന്നു. ആ തണലിൻ കീഴിലിരുന്ന്, സ്വപ്നങ്ങൾ കണ്ട, തമാശകൾ പറഞ്ഞ, കൂടെപ്പറന്ന കിളികളെക്കുറിച്ച് എന്താണു പറയേണ്ടത്?

ലൈബ്രറിയിലെ തിരച്ചിലുകൾക്കിടയിൽ അവരുടെ ഇഷ്ടങ്ങളെ മാറ്റിനിർത്തി, എന്റെ പ്രിയപ്പെട്ട പുസ്തകങ്ങളെ തേടിയവർ, മണ്ടത്തരങ്ങൾക്കു സമയം നോക്കാതെ കാതും ഹൃദയവും തന്നവർ, ഉള്ളിൽക്കയറി ഇടംപിടിച്ച കർണ്ണനെക്കുറിച്ചും, ദ്രൗപദിയെക്കുറിച്ചും പ്രിയപ്പെട്ട പുസ്തകങ്ങളെക്കുറിച്ചും വാതോരാതെ സംസാരിക്കുന്നവർ, എന്റെ ചെറിയ വിജയങ്ങളിൽപ്പോലും എന്നെക്കാളേറെ സന്തോഷിച്ചവർ, എന്നും ഞാൻ വായിച്ച പ്രിയപ്പെട്ട പുസ്തകങ്ങൾ അവർ സമ്മാനിച്ചതായിരുന്നു.

അറിഞ്ഞും അറിയാതെയും ഹൃദയവൃക്ഷത്തിൽ ചേക്കേറിയ ഒരുപാടു മുഖങ്ങളുണ്ട് ഇനിയും. ഹൃദയത്തിന്റെ മറുപാതിയിൽ ചെറിയ നോവുകൾ കയറിക്കൂടുമ്പോൾ, ഒരു തൂവൽ കൊഴിച്ചിട്ടുകൊണ്ട്, 'ഇവിടെയുണ്ട് ഞങ്ങൾ, നിനക്കിനി കരയാൻ അവകാശമില്ല' എന്നു പറഞ്ഞ് ചേർത്തുനിർത്തുന്നവർ. ഹൃദയത്തിന്റെ മറുപാതി ഇവർ തന്ന സ്നേഹത്താലും പങ്കുവച്ച ഓർമ്മകളാലും പ്രിയപ്പെട്ട പുസ്തകങ്ങളാലും നിറയ്ക്കപ്പെട്ടിരിക്കുന്നു. പാതിയും മറുപാതിയും നിറഞ്ഞുനിൽക്കുന്ന ഇവർക്ക് എന്തു നല്കാനാണ്...!

ആ ഹൃദയവും
ഒത്തിരി സ്നേഹവുമല്ലാതെ...!



പാട്ടിന്റെ പാലാഴി – 42

ളാക്കാട്ടൂർ പൊന്നപ്പൻ

# സംഗീതോപകരണങ്ങൾ

## ജലതരംഗം

പിഞ്ഞാണക്കോപ്പകളിൽ വെള്ളം നിറച്ചാണ് ജലതരംഗം ഒരുക്കുന്നത്. ഏതാണ്ട് 18 കോപ്പകൾ ഉണ്ടെങ്കിൽ ഇതു സാധ്യമാകും. കോപ്പകളിൽ മരവടികൊണ്ട് തട്ടുമ്പോൾ നീണ്ട സ്നിഗ്ധനാദം കേൾക്കും. സപ്തസ്വരങ്ങളുടെ വലുപ്പച്ചെറുപ്പങ്ങൾക്ക് അനുസൃതമായി കോപ്പകളിൽ വെള്ളമൊഴിച്ച് ആരോഹണാവരോഹണങ്ങളിൽ ക്രമീകരിച്ചു നിറുത്തുന്നു. ഈ പ്രക്രിയ നടത്തണമെങ്കിൽ ജലതരംഗം വായിക്കുന്ന കലാകാരന് നല്ല സംഗീതബോധം ഉണ്ടായിരിക്കണം. ഇരുകൈകളിലും കമ്പുപയോഗിച്ച് കോപ്പകളുടെ അരുകിൽ തട്ടി വായിക്കാവുന്നതാണ്. രാഗമനുസരിച്ച് വെള്ളമൊഴിച്ച് സ്വരസ്ഥാനങ്ങൾ ശരിയാക്കി ആരോഹണത്തിൽ ഒരുക്കണം. സംഗീതബോധം, ശ്രുതിജ്ഞാനം, സ്വരപഠനം ഒക്കെ ശരിയായിട്ടു നേടിയിട്ടുള്ളവർക്കേ ജലതരംഗം കൈകാര്യം ചെയ്യാൻ പറ്റൂ. ഒരു വേദിയിൽ ജലതരംഗക്കച്ചേരി അവതരിപ്പിക്കുമ്പോൾ അടുത്ത ഗാനത്തിനുവേണ്ടി രാഗമനുസരിച്ച് കോപ്പകളിൽ ജലം ക്രമീകരിക്കാൻ അല്പം താമസം നേരിടാം. ഇതു ശ്രോതാക്കളിൽ വിരസത സൃഷ്ടിക്കാൻ ഇടയായേക്കാം. ഏറെ പ്രാഗല്ഭ്യമുള്ള ഒരു കലാകാരന്



ഇതു തരണം ചെയ്യാൻ കഴിയും. ഗമകപ്രയോഗങ്ങൾ ജലതരംഗവായനയിൽ സാധ്യമാവുകയില്ല. അതിനാൽത്തന്നെ കർണ്ണാടകസംഗീതകൃതികളുടെ യഥാർത്ഥഭാവം നഷ്ടമാകും എന്നതിൽ സംശയമില്ല. ഏതാണ്ട് പിയാനോയുടെ ശബ്ദസാമ്യമുണ്ട് ജലതരംഗത്തിന്. അതുകൊണ്ട് ഏതു പാട്ടും കേട്ടിരിക്കാൻ രസമുണ്ട്. ജലതരംഗവായനരംഗത്ത് കൃതഹസ്തരായ ധാരാളം കലാകാരന്മാരുണ്ട്. കലൈമാമണി ആനയംപെട്ടി എസ്. ഗണേശൻ, എ.പി. ഹരിദാസ്, കൃതിക യത്നരാമൻ, മൈസൂർ രാംപ്രസാദ് എന്നിവർ അറിയപ്പെടുന്ന ജലതരംഗകലാകാരന്മാരാണ്. കേരളത്തിൽ ഈ രംഗത്തു ശോഭിച്ചിരുന്ന ഒരു കലാകാരൻ അടുത്തകാലത്ത് അന്തരിച്ച റ്റി.കെ. തോമസ് തീക്കോയിയാണ്.